"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

**സംഗ്രഹം**

തസ്വഭവ- മുക്കം നഗരസഭ താഴക്കോട് വില്ലേജിലെ കെഎംസിടി ഡെന്റൽ കോളേജ് കെട്ടിടത്തിന് കെഎംബിആർ ചട്ടം 79 എ പ്രകാരം ടൗൺ പ്ലാനിംഗ് സ്കീമിൽപ്പെടാത്ത പ്രദേശങ്ങളിലുള്ള റോഡുകളുടെ സംഗതിയിൽ അവ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി തദ്ദേശസ്ഥാപനം ഏറ്റെടുക്കുന്ന പ്രോജക്ടായിരിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2355/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/10/2019**

പരാമർശം:- 1 കെഎംസിടി മാനേജിംഗ് ട്രസ്റ്റി സമർപ്പിച്ച 02.08.2018 ലെ അപേക്ഷ

2 നഗരകാര്യ ഡയറക്ടറുടെ 15.07.2019 ലെ ഡിസി3-11818/19 നമ്പർ കത്ത്

3 ചീഫ് ടൗൺ പ്ലാനറുടെ 02.02.2019,19.09.2019 തീയതികളിലെ ഡി1/7851/18 നമ്പർ കത്തുകൾ

**ഉത്തരവ്**

മുക്കം നഗരസഭയിലെ താഴക്കോട് വില്ലേജിലെ സർവ്വേ നമ്പർ 102/1,102/2ൽ പ്പെട്ട കെ.എം.സി.ടി ഡെന്റൽ കോളേജ് കെട്ടിടത്തിന്റെ പുറക് വശത്തെ മുനിസിപ്പൽ റോഡിന്റെ വികസനത്തിനായി സൗജന്യമായി സ്ഥലം വിട്ടു നൽകിയതിനാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 79 പ്രകാരമുള്ള ആനുകൂല്യം പ്രസ്തുത കെട്ടിടത്തിന് ലഭ്യമാക്കണമെന്ന് കെഎംസിടി മാനേജിംഗ് ട്രസ്റ്റി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

കെഎംസിടി മെഡിക്കൽ കോളേജ് ക്യാംപസിന്റെ വടക്ക് കിഴക്ക് മൂലയിലായി സ്ഥിതി ചെയ്യുന്ന ദന്തൽ കോളേജ് ആന്റ് ഹോസ്പിറ്റൽ കെട്ടിടം ആ വശത്തു കൂടി കടന്നു പോകുന്ന മുനിസിപ്പൽ റോഡിന്റെ വികസനത്തിനായി 1.5 മീറ്റർ

വീതിയില്ലുള്ള സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. അതിനു ശേഷം സെറ്റ് ബാക്ക് 4 മീറ്റർ ലഭ്യമാണ്. ആയതിനാൽ ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെഎംബിആർ ചട്ടം 79 പ്രകാരമുള്ള ആനുകൂല്യം പ്രസ്തുത കെട്ടിടത്തിന് ലഭ്യമാക്കുന്നതിനായി ചട്ടം 85 പ്രകാരമുള്ള പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതിനും ടി കമ്മിറ്റി അദ്ധ്യായം 11 ലെ ചട്ടങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതിനും നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി യോഗം ചേർന്ന് സ്ഥലവും രേഖകളും പരിശോധിച്ച്, കെഎംസിടി ഡെന്റൽ കേളേജിന് സമീപമുള്ള 3 മീറ്റർ വീതിയും 2.30 കിമീ നീളവുമുള്ള വെസ്റ്റ് മാമ്പറ്റ നെടുമങ്ങാട് വട്ടോളി പറമ്പ് റോഡ് മുക്കം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ഈ റോഡിനു വേണ്ടി 2 സെന്റ് സ്ഥലം മാനേജിംഗ് ട്രസ്റ്റി റിലിംഗ്വിഷ് ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത റോഡിന് സ്ഥലം വിട്ടു കൊടുത്ത കാരണമാണ് ചട്ടപ്രകാരമുള്ള സെറ്റ് ബാക്ക് ലഭ്യമാകാതിരുന്നതെന്നും ആയതിനാൽ ചട്ടം 79 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹമാണ് എന്നും എന്നാൽ കെഎംബിആർ ചട്ടം 79 എ പ്രകാരം ടൗൺ പ്ലാനിംഗ് സ്കീമിൽപ്പെടാത്ത പ്രദേശങ്ങളില്ലുള്ള റോഡുകളുടെ സംഗതിയിൽ അവ സംസ്ഥാനത്തെ ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മുൻകൂർ അനുമതിയോടു കൂടി തദ്ദേശസ്ഥാപനം ഏറ്റെടുക്കുന്ന പ്രോജക്ടായിരിക്കണമെന്ന നിബന്ധന മാത്രമാണ് പാലിക്കപ്പെടാത്തതെന്നും 2009-10 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയ വീതി കൂടിയ ഈ റോഡ് നഗരസഭയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണെന്നും മുക്കം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ചട്ടം 79 എ പ്രകാരമുള്ള അനുമതി കൂടാതെ നഗരസഭ റോഡ് നിർമ്മിച്ചതിന് പ്രസ്തുത നിബന്ധനകൾ ഇളവ് നൽകി സർക്കാർ സാധൂകരണത്തിന് ശിപാർശ ചെയ്യുന്നതിന് നഗരസഭ ലഭ്യമാക്കിയ ചട്ടം 85 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ യോഗത്തിന്റെ മിനിറ്റ്സ് തുടർ നടപടികൾക്കായി നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിക്കുകയുണ്ടായി.

പരാമർശ നിർമ്മാണത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന നിബന്ധന ഇളവ് ചെയ്ത് നൽകാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ പരാമർശം(3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെഎംസിടി ഡെന്റൽ കോളേജിന് സമീപമുള്ളതും മുക്കം നഗരസഭയുടെ ആസ്തി രജിസ്റ്ററില്ലുൾപ്പെട്ടതുമായ വെസ്റ്റ് മാമ്പറ്റ നെടുമങ്ങാട് വട്ടോളി പറമ്പ് റോഡിനു

വേണ്ടി 2 സെന്റ് സ്ഥലം മാനേജിംഗ് ട്രസ്റ്റി റിലിംഗ്വിഷ് ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ മുക്കം നഗരസഭ താഴക്കോട് വില്ലേജിലെ സർവ്വേ നമ്പർ 102/1,102/2ലുൾപ്പെട്ട കെ.എം.സി.ടി ഡെന്റൽ കോളേജ് കെട്ടിടത്തിന് ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, കെഎംബിആർ ചട്ടം 79 എ പ്രകാരം ടൗൺ പ്ലാനിംഗ് സ്കീമിൽപ്പെടാത്ത പ്രദേശങ്ങളിലുള്ള റോഡുകളുടെ സംഗതിയിൽ അവ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി തദ്ദേശസ്ഥാപനം ഏറ്റെടുക്കുന്ന പ്രോജക്ടായിരിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജുകുമാർ എൻ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

ഡോ.കെ.മൊയ്തു, മാനേജിംഗ് ട്രസ്റ്റി, കെ.എം.സി.ടി, മുക്കം, കോഴിക്കോട്- 673 602.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

സെക്രട്ടറി, മുക്കം നഗരസഭ

അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.( ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ